LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2001-2003 കാലഘട്ടത്തിൽ ആശ്രിത നിയമനം മുഖേന കണ്ടക്ടർ തസ്തികയിൽ നിയമനം ലഭിച്ച വനിതാ ജീവനക്കാർക്ക് 1-2-2012-ലെ PL 15/029031/11 ഉത്തരവ് പ്രകാരം ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടിയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഡ്യൂട്ടി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പാലിക്കാറുണ്ട്. ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കുമ്പോൾ അവരവരുടെ ചാനലിൽ ഡ്യൂട്ടി ചെയ്യാൻ നിർദ്ദേശിക്കാറുണ്ട്. എന്നാൽ ചില ജീവനക്കാർക്ക് താഴ്ന്ന തസ്തികയിൽ ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. (പ്യൂൺ, പമ്പ് ഓപ്പറേറ്റർ, സ്റ്റോർ ഇഷ്യൂർ) ഇവരുടെ ലൈറ്റ് ഡ്യൂട്ടി കാലാവധി ഗ്രേഡ് പ്രൊമോഷന് പരിഗണിക്കാറില്ല.

(ഡി&ഇ) അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടികൾ ആറ് മാസം കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കുവാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി.യിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ

337 (3971) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന് ബോർഡ് തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ തീരുമാനത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) മുൻ തീരുമാനത്തിനു വിരുദ്ധമായി എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഡസ്ട്രിയൽ റിലേഷൻ മാനേജർ എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും എസ്കിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള ബോർഡ് തീരുമാനം ഉണ്ട്. 22-12-2012-ലെ 370-ാമത് ഡയറക്ടർ ബോർഡ് മീറ്റിംഗിലെ അജണ്ട ഇനം 89/2012 നമ്പർ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യത സംബന്ധിച്ച റെഗുലേഷൻ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബോർഡ് തീരുമാനത്തിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ബി) 26-8-2014-ൽ ചേർന്ന 380-ാമത് ഭരണസമിതി യോഗത്തിലെ അജണ്ട ഇനം 69/2014-ന്റെ തീരുമാന പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ മാത്രമേ നിലവിലുള്ളുവെന്നും മറ്റ് നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണെന്നും ചെയർമാൻ അറിയിച്ചതിനെ തുടർന്ന് നിലവിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയോഗിക്കുന്നതിന് സമർത്ഥരായവർ ഇല്ലാത്തതിനാൽ യോഗ്യതയും പ്രാപ്തിയുമുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സർക്കാർ, പൊതുജനങ്ങൾ, ജീവനക്കാർ എന്നിവരുമായി നിരന്തരം നടത്തേണ്ട സംവേദനത്തിന് സഹായകരമാകുന്നതിനു വേണ്ടി നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികകളടി ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ഭരണസമിതിയോഗം തീരുമാനിച്ച ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കും, ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികയിലേക്കും ഡെപ്യൂട്ടേഷൻ മുഖാന്തരം യോഗ്യതയും പ്രാഗത്ഭ്യവും കഴിവുമുള്ളവരെ നിയോഗിക്കുന്നതിനുവേണ്ടി 12-11-2014-ൽ കെ.എസ്.ആർ.ടി.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങിയ ബസ് ചേസിസുകൾ

338 (3972) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്ആർ.ടി.സി.-ക്ക് വേണ്ടി എത്ര ബസ് ചേസിസ്സുകൾ വാങ്ങിയിട്ടുണ്ട്; അതിന് എത്ര രൂപ ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly